LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫിസിയോ തെറാപ്പിസ്റ്റുകളുടെ അഭാവം

192 (4917) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തിക ഒരെണ്ണം മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് സ്ഥിരം തസ്തിക വഴി ഒരാളും എൻ.എച്ച്.എം. വഴി ഒരാളും ജോലി ചെയ്യുവരുന്നു.

(ബി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ അഭാവംമൂലം ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്കായി രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇക്കാര്യം പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കടുത്തുരുത്തി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

193 (4918) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ എഫ്.എച്ച്.സി.കളായി ഉയർത്തിയ പെരുവ, കടുത്തുരുത്തി എന്നീ പി.എച്ച്.സി.കളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കടുത്തുരുത്തി, പെരുവ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കടുത്തുരുത്തി പി.എച്ച്.സി. എഫ്.എച്ച്.സി.-യായി ഉയർത്തിയപ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാമ്പ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പു മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ് കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള

LIBRARY ARCHIVES Kerala Legislative Assembly

വിതരണം എന്നിവ നടപ്പിലാക്കി കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ് കൗൺസിലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പെരുവ സി.എച്ച്.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി ആർദ്രം പദ്ധതിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കടുത്തുരുത്തി, പെരുവ എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടം നിർമ്മാണത്തിനായി എൻ.എച്ച്.എം. മുഖേന 15,50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) ഈ ആശുപത്രികളുടെ പ്രവർത്തനത്തിന് വേണ്ടത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

കൊണ്ടോട്ടി താലൂക്ക് ആശുപത്രി

194 (4919) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ 52 തസ്തികകൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ താലൂക്ക് ആശുപത്രികളിൽ ഉണ്ടാകേണ്ട ഭൗതിക സൗകര്യങ്ങളും, തസ്തികകളും ഇവിടെ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കൊണ്ടോട്ടി ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി തെരഞ്ഞെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. G.O.(Rt) No.1000/2020/H&FWD, dated 2-6-2020 ഉത്തരവ് പ്രകാരം കിഫ്ബി വഴി ആശുപത്രിയുടെ വികസനത്തിന് 32,34,91,473 (മുപ്പത്തി രണ്ട് കോടി മുപ്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്ന് ആയിരത്തി നാനൂറ്റി എഴുപത്തി മൂന്ന് രൂപ) രൂപയും അനുവദിച്ചിട്ടുണ്ട്. INKEL എന്ന നിർമ്മാണ ഏജൻസിക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.